# THE BIBLE TRUTH

**Editor**
**P.K. VARGHESE**
**000**

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **September 2015** **No.6**

# എഡിറ്റോറിയൽ

ഈ തലമുറയിലെ യുവാക്കളുടെ ചിന്താഗതി പ്രായമായവരുടേതിൽനിന്നു വ്യത്യസ്തമാണ്. എന്തുകൊണ്ട് അവരിൽ ഈ വ്യത്യസ്ത കാഴ്ച്ചപ്പാട് കാണപ്പെടുന്നു? നാം ചിന്തിക്കുന്നതിനനുസരിച്ചാണ് പ്രവർത്തിക്കുന്നത്. നമുക്ക് ലഭിച്ച ജ്ഞാനമനുസരിച്ചാണ് നാം ചിന്തിക്കുന്നത്. ആത്മിയ ജ്ഞാനത്തിൽ നിന്നുത്ഭവിക്കുന്ന ചിന്തയും ജഡത്തിന്റെ ജ്ഞാനപ്രകാരമുള്ള ചിന്തയുമുണ്ട്. ആത്മാവിന്റെ ചിന്ത ജീവനും ജഡത്തിന്റെ ചിന്ത മരണവുമാണ്. യുവാക്കൾക്ക് ബാല്യത്തിൽ ലഭിക്കുന്ന മതപരമായ അറിവ് വീട്ടിൽനിന്നും മതസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നു. പക്ഷെ വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന ജ്ഞാനം അതിൽനിന്നു വിഭിന്നമാണ്. ഇങ്ങനെ ഒരു സമ്മിശ്രമായ അറിവ് ഓരോരുത്തരിലേക്കും പകർന്നു കൊടുക്കുന്നു. ആധുനികമായ പല കണ്ടുപിടിത്തങ്ങളും കുട്ടികളെ സ്വാധീനിക്കും.

കുട്ടികൾക്ക് ലഭിച്ചിരിക്കുന്ന അറിവ് ലോകപ്രകാരമുള്ളതാണെങ്കിൽ അവരുടെ കാഴ്ച്ചപ്പാട് ലൗകികമായിരിക്കും. നേരെ മറിച്ച് ധാർമ്മികവും ആത്മികവുമായ മൂല്യങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു എങ്കിൽ അവരുടെ കാഴ്ച്ചപ്പാട് ആ നിലയിലായിരിക്കും വളരുക. ശരിയായതും നിലനിൽക്കുന്നതുമായ കാഴ്ച്ചപ്പാട് ദൈവത്തിൽനിന്നു മാത്രമാണ് ലഭിക്കുന്നത്. മനുഷ്യരിൽനിന്നു ലഭിക്കുന്നത് തികവുള്ളതോ ദൈവപ്രസാദമോ ആകുകയില്ല. പണ സമ്പാദ്യത്തിനായി വെമ്പൽ കൊള്ളുന്ന സമൂഹം എവിടേക്കാണ് ചലിക്കുന്നത് എന്നു പരിശോധിക്കണം. പണത്തിനു വേണ്ടി എന്തും ചെയ്യുവാൻ തയ്യാറാകുന്ന സ്ഥിതിവിശേഷം ഖേദകരമാണ്.

അടുത്ത സമയത്ത് മദ്യപിക്കുവാൻ. പണം കൊടുക്കാത്തതിന്റെ പേരിൽ ഒരാൾ മറ്റൊരാളെ ആക്രമിച്ചതായി പത്രത്തിൽ വാർത്ത വന്നിരുന്നു. ഒന്നാമത് മദ്യപാനം തന്നെ ദൈവം നിഷേധിച്ച കൽപ്പനകളിൽ ഒന്നാണ്. അതിന്റെ പേരിൽ ആക്രമിക്കുന്നത് എത്ര ക്രൂരത്വമാണെന്ന് ഓർക്കുക. ഇത് ഒറ്റപ്പെട്ട സംഭവമായി കാണുവാൻ സാധ്യമല്ല.

നന്മയും തിന്മയും തമ്മിൽ വേർതിരിച്ചറിയാത്ത ഒരു യുവാവ് മറ്റൊരാളോട് സംസാരിക്കുന്നത് നന്മ തിന്മകളെല്ലാം ആപേക്ഷികമാണ് എന്നാണ്. വാസ്തവത്തിൽ നന്മ എന്നും നന്മയും തിന്മ എന്നും തിന്മയുമായിരിക്കും. അതിന് മാറ്റമില്ല. നന്മതിന്മകളെ വിവേചിച്ച് മനസിലാക്കി തിന്മയെ തള്ളി നന്മ സ്വീകരിക്കുവാനാണ് യുവാക്കൾക്ക് കഴിയാത്തത്. കാരണം അവർ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. സത്യത്തെ വളച്ചൊടിച്ച് അസത്യത്തെ സത്യമായി കാണുന്ന സ്ഥിതി പരിതാപകരമാണ്. ദൈവിക പരിജ്ഞാനമാണ് ബൈബിൾ. ഇത് പഴയ പുസ്തകമാണ്. ആധുനിക കാലത്തിന് അത് അപര്യാപ്തമാണ് എന്ന് വിശ്വസിക്കുന്നവരോട് നമുക്ക് സഹതപിക്കുവാനേ കഴിയു. വചനം ശക്തിയുള്ളതും ദൈവത്തിന്റെ ശക്തി വ്യാപരിക്കുന്നതുമാണ്. സത്യവേദപുസ്തകത്തെ അങ്ങനെ തന്നെ കൈക്കൊള്ളുന്നു എങ്കിൽ അതിന്റെ യഥാർത്ഥ ഫലം ലഭിക്കും. അതാണ് അവരെ പഠിപ്പിക്കേണ്ടത്. പണമോ സ്വത്തോ ഒന്നും സ്ഥിരമായി ഒരു വ്യക്തിയിലും നിലനിൽക്കുന്നില്ല. അവ താൽക്കാലികമായ ഉപയോഗത്തിനും പങ്കിടുന്നതിനുമായി ദൈവം നൽകിയിരിക്കുന്നതാണ്.

ദൈവികമായ കാഴ്ച്ചപ്പാടാണ് ഏതൊരു വ്യക്തിയെയും ദിശാബോധമുള്ളവനാക്കുന്നത്. നമ്മുടെ കാലടികളെ നേരെയാക്കുവാൻ മുക്ക് കഴിയുകയില്ല. ദൈവത്തിന്റെ ആലോചനയാണ് ഏവർക്കും ആവശ്യം. പാപം നമ്മിൽ വരാതിരിക്കേണ്ടതിന്നു ദൈവ വചനം ആണ് നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കേണ്ടത്. ദൈവ വിശ്വാസം ഉണ്ടായാൽ മാത്രമെ ഒരാളുടെ ചിന്താഗതി ദൈവികമായി മാറുകയുള്ളു. അപ്പോൾ മാത്രമെ പാപത്തെ പൂർണ്ണമായി ഉപേക്ഷിക്കുവാൻ സാധ്യമാകയുള്ളു. അപ്പോൾ ക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിക്കയും ഏറ്റുപറയുകയും ചെയ്ത് പാപമോചനത്തിനായി ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവാനും തയ്യാറാകുമ്പോൾ അവന്റെ ഇഷ്ടപ്രകാരം അവൻ നമ്മെ രക്ഷിക്കുകയും അവന്റെ സഭയോട് ചേർക്കുകയും ചെയ്യും. തുടർന്ന് വിശ്വസ്തമായി അവസാനത്തോളം ജീവിക്കയും വേണം.

✶

# ഇതു നിയമ പരമോ?

## *J.C.* ചോട്ട്

ഏതാനും വർഷങ്ങൾക്കു മുൻപ് പരസ്യമായി സംസാരിക്കുവാൻ ലജ്ജിച്ചിരുന്ന കാര്യങ്ങൾ ഇപ്പോൾ സാധാരണ സംസാര വിഷയമായി കഴിഞ്ഞു. അവയിൽ ഒന്നാണ് വേർപിരിയൽ. പുതിയ നിയമങ്ങൾ ഇതിനെക്കുറിച്ച് ഉടലെടുത്തിട്ടുണ്ട്. വിവാഹബന്ധം വേർപെടുത്തുവാൻ വകുപ്പുകൾ പലതും കണ്ടെത്തി അതു സാദ്ധ്യമാക്കി തീർക്കുകയാണ് ചിലർ. ചില വിവാഹങ്ങൾ മണിക്കൂറുകളോളം അല്ലെങ്കിൽ ദിവസങ്ങളോളം മാത്രം നീണ്ടു നില്ക്കുന്നു. ദമ്പതിമാർക്കു പരസ്പരം യോജിച്ചു പോകാൻ കഴിയാത്ത സാഹചര്യം വന്നാൽ അവരെ പിരിക്കുവാൻ സഹായ ഹസ്തവുമായി സാമൂഹ്യ സംഘടനകളും വിഭാഗങ്ങളും എത്തുന്നു. അവരുടേതായ നീക്കു പോക്കുകൾ ദമ്പതികളെ സഹായിക്കുന്നതിനായി ഉപയോഗിക്കുകയാണ്. വസ്ത്രം മാറ്റുന്നതു പോലെ ജീവിത പങ്കാളികളെ മാറ്റുവാൻ തുനിയുന്നവർ ധാരാളമുണ്ട്. കോടതി വളപ്പിൽ കയറിച്ചെന്നാൽ അവിടെയും ഇണപിരിയുവാൻ വെമ്പുന്ന ഭാര്യാഭർത്താക്കന്മാരെ കാണാം. ദൈവം ഇതിനെ ഏതു വിധത്തിൽ കാണുന്നു? ബൈബിൾ ഈ വിഷയത്തെക്കുറിച്ച് എന്തു പഠിപ്പിക്കുന്നു?

മനുഷ്യനെ സൃഷ്ടിച്ചതു ദൈവമാണ്. മനുഷ്യനു ഏറ്റവും നല്ലതു ഏതെന്നു അവനു അറിയാം. ആദ്യമനുഷ്യനായിരുന്ന ആദാമിനെ സൃഷ്ടിച്ചശേഷം അവനു തക്കതായ ഒരു തുണയെ കണ്ടെത്തിയിരുന്നതിനാൽ അവനു ഗാഢനിദ്ര വരുത്തി അവന്റെ വാരിയെല്ലിൽ നിന്നും ഒന്നെടുത്തു അതിൽ മാംസം വെച്ചു പിടിപ്പിച്ചു. ദൈവം ഊരിയെടുത്ത എല്ലിൽ നിന്നും രൂപപ്പെടുത്തിയ സ്ത്രീയെ ആദാമിന്റെ അടുക്കൽ കൊണ്ടുവന്നു. "ഇതാ ഇവൾ ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും ആകുന്നു. നരനിൽ നിന്നു എടുത്തിരിക്കയാൽ അവൾക്കു നാരി എന്നു പേരാകും" എന്നു ആദാം പറഞ്ഞു. ബൈബിൾ പറയുന്നതു, "ആകയാൽ മനുഷ്യൻ തന്റെ അപ്പനേയും അമ്മയേയും വിട്ടു പിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും അവർ ഇരുവരും ഒരു ദേഹമായി തീരും" എന്നാണ് (ഉല്പത്തി 2:20-24).

ഒരു പുരുഷനു ഒരു ഭാര്യ എന്ന സംവിധാനമാണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. അവർ പരസ്പരം ഇണയായി ഒന്നിച്ചു ജീവിക്കുവാനാണ് ദൈവം അങ്ങനെ ചെയ്തതു. അതിന്റെ അർത്ഥം അവർ മാതാപിതാക്കളുമായുള്ള ബന്ധം വിച്ഛേദിക്കണമെന്നോ അവരെ മറക്കണമെന്നോ അല്ല. അതായത് ഭാര്യഭർത്തൃ സ്നേഹബന്ധത്തെ മാതാപിതാക്കളുമായുള്ള ബന്ധത്തിനു പോലും ഉലയ്ക്കാൻ കഴിയരുത് എന്നർത്ഥം. ഉദാഹരണമായി യേശുക്രിസ്തുവിന്റെ ഉപദേശം ശ്രദ്ധിക്കുക. "എന്നെക്കാൾ അധികം അപ്പനേയോ അമ്മയേയോ, മകനെയോ, മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല" (മത്തായി 10:37). അപ്പനെയോ അമ്മയെയോ, മകനെയോ മകളെയോ സ്നേഹിക്കരുത് എന്ന് ക്രിസ്തു ഇവിടെ പറയുന്നില്ല. പിന്നെയോ ക്രിസ്തുവിനോടുള്ള സ്നേഹം അതിനേക്കാൾ കവിഞ്ഞിരിക്കണം എന്നാണു കർത്താവ് പറഞ്ഞത്. ഇത്തരം സ്നേഹം ഭാര്യയ്ക്കും ഭർത്താവിനും ഇടയിൽ ഉണ്ടെങ്കിൽ ഒരു ശക്തിക്കും ഒരു വ്യക്തിക്കും അവരെ ഭിന്നിപ്പിക്കുവാൻ കഴിയുന്നതല്ല.

പഴയനിയമകാലത്തുപോലും വിവാഹമോചനം ദൈവം വെറുക്കുന്ന പ്രവർത്തിയായിരുന്നു (മലാഖി 2:16). പരീശന്മാർ അവന്റെ അടുക്കൽ വന്നു; ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്നു ക്രിസ്തുവിനെ പരീക്ഷിച്ചു ചോദിച്ചു. അതിനു മറുപടിയായി ക്രിസ്തു പറഞ്ഞത്: "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു.

അവർ അവനോടു: എന്നാൽ ഉപേക്ഷണ പത്രം കൊടുത്തിട്ടു അവളെ ഉപേക്ഷിപ്പാൻ മോശ കല്പിച്ചതു എന്തു എന്നു ചോദിച്ചു. അവൻ അവരോടു: നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമത്രെ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്; ആദിയിൽ അങ്ങനെ അല്ലായിരുന്നു. ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വിഭ്യചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം

കഴിക്കുന്നവനും വിഭിചാരം ചെയ്യുന്നു. ശിഷ്യന്മാർ അവനോടു: സ്ത്രീയെ സംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു. അവൻ അവരോടു: വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല. അമ്മയുടെ ഗർഭത്തിൽ നിന്നു ഷണ്ഢന്മാരായി ജനിച്ചവർ ഉണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെ തന്നെ ഷണ്ഢന്മാരാക്കിയ ഷണ്ഢന്മാരും ഉണ്ട്. ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ എന്നു പറഞ്ഞു. (മത്തായി 19:3-12).

അതുകൊണ്ടു എന്താണു നാം പഠിക്കുന്നത്? വിവാഹ മോചനത്തിനു സൃഷ്ടിതാവായ ദൈവത്തിന്റെ അനുവദനീയമായ ഏക കാരണം, ഏതെങ്കിലും ഒരു പങ്കാളി അവിശ്വസ്തത പുലർത്തുക അഥവാ അന്യവ്യക്തിയുമായി ലൈംഗിക ബന്ധം പുലർത്തുക എന്നതാണ്. അത്തരം സന്ദർഭത്തിൽ കുറ്റക്കാരൻ വിശ്വസ്തയായ പങ്കാളിയിൽ നിന്നും വേർ പിരിയുകയാണ്. എന്നാൽ ഇതു അത്യന്താപേക്ഷിതമെന്നോ ഒഴിച്ചുകൂടാൻ പറ്റാത്തതെന്നോ വിചാരിച്ചുപോകരുത്. സാദ്ധ്യമെങ്കിൽ കുറ്റക്കരനു മാനസാന്തരപ്പെട്ടു ദൈവത്തിൽ നിന്നും പങ്കാളിയിൽ നിന്നും ക്ഷമാപണം ആവശ്യപ്പെടാം. പക്ഷെ അതു അസാദ്ധ്യമെങ്കിൽ വിശ്വസ്ത പങ്കാളിക്കു തെറ്റു ചെയ്തു കഴിഞ്ഞ വ്യക്തിയെ ഉപേക്ഷിക്കാം. വിവാഹമോചനത്തിനു വചന പ്രകാരമുള്ള കാരണം ഇതു മാത്രമാണ്. സ്ത്രീയായാലും പുരുഷനായാലും ഇതിനപ്പുറമായി പങ്കാളിയെ ഉപേക്ഷിക്കുന്നതു ഏതു കാരണത്താലായാലും ശരി അതു തെറ്റാണ്. അങ്ങനെ വേർ പിരിഞ്ഞിരിക്കുന്ന ഒരാളെ വിവാഹം കഴിക്കുന്നതു വ്യഭിചാരമാണെന്നു ദൈവം വെളിപ്പെടുത്തിയിരിക്കുന്നു.

കോടതിൽ നിന്നും നിയമപരമായി വേർ പെടുത്തൽ സർട്ടിഫിക്കറ്റ് കിട്ടി എന്നതു ദൈവമുൻപാകെ അംഗീകരിക്കത്തക്ക തെളിവല്ല. ന്യായവിധി നാളിൽ ചെറുതും വലുതുമായ എല്ലാവരും ദൈവത്തിന്റെ ന്യായ വിസ്താരത്തെ അഭിമുഖീകരിക്കേണ്ടി വരും (മത്തായി 25:31-46; പ്രവൃത്തി 17:30, 31;2 കൊരി 5:10). ദൈവ നിയമമനുസരിച്ച് അന്നാളിൽ എല്ലാവരേയും ദൈവം വിധിക്കും. റോമർ 7:2-3 വാക്യങ്ങൾ പ്രകാരം വിവാഹം ജീവിതത്തിനായി നല്കപ്പെട്ടിരിക്കുന്നു. വൈവാഹിക ഉടമ്പടി ഏതെങ്കിലും ഒരു പങ്കാളിയുടെ മരണം വരെ തുടരേണ്ട ജീവിതമാണ് അതു എന്ന് ഇവർ മനസിലാക്കിയിരിക്ക

ണം. അവർക്കിടയിൽ നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ എന്തു തന്നെയായാലും അവയെ സഹിഷ്ണുതയോടെ തരണം ചെയ്യുവാൻ പര്യാപ്തമായ മാതൃക അവർ പിൻ പറ്റണം. ഏതൊരു ദമ്പതികളുടേയും വൈവാഹിക ജീവിതത്തിൽ ഏറിയ പങ്കും സ്വാർത്ഥത കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളാണ്. അവർ ദൈവത്തിന്റെ പ്രമാണം കേട്ടു ഗ്രഹിക്കയും അതു പ്രമാണിക്കയും ചെയ്താൽ സ്വാർത്ഥത അവരിൽ നിന്നും വിട്ടു മാറും.

✶

# അവശ ക്രൈസ്തവരും സമ്പൂർണ്ണ ക്രിസ്ത്യാനികളും

## കളത്തുകാൽ. രാജദാസ്

ഭാരത ചരിത്രത്തിലെ അവിസ്മരണിയമായ നാഴികക്കല്ലാണ് 1947 ആഗസ്റ്റ് 15. ആ കാലഘട്ടത്തിലായിരുന്നു ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ നിന്ന് ഇൻഡ്യ സ്വതന്ത്രമായത്. ആ വസന്തകാല ദിനത്തിന്റെ സ്മരണ പുതുക്കുവാൻ ഭാരതീയരുടെയിടയിൽ ഇന്നോളം ആരായാലും ആ കർത്തവ്യം ആചരിക്കുന്നു. വർഗ്ഗമെന്നോ? മതമെന്നോ? ഭാഷയെന്നോ? വിയോജിപ്പില്ലാതെ അഖിലരും സ്വാതന്ത്ര്യദിനത്തെ ബഹുമാനപുരസ്ക്കരം ആഘോഷിയ്ക്കാറുണ്ട്.

എന്നാൽ യേശുക്രിസ്തുവിലൂടെ ലോകജനത നേടിയ സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. അരക്ഷിതമായ ലോകത്ത് കിടന്ന് മുറവിളി കൂട്ടിയ നിർധനനും, പീഡിതനും, ക്രൂരനും, ആഭിചാര കർമ്മങ്ങളിൽ ശ്രേഷ്ഠനും, പൗരാണിക അനാചാര സാമൂഹ്യ നീതിശാസ്ത്രത്തിനു മുമ്പിൽ ബഹിഷ്കൃതനുമായ മനുഷ്യന് ക്രിസ്തുവിലൂടെ നേടിയ സ്വാതന്ത്ര്യം മുഖേന എല്ലാ അടിമത്വത്തിന്റെ പ്രതീകമായ അതിർവരമ്പുകളെയും ഇടിച്ചു നിരത്തി സ്വാതന്ത്ര്യത്തിന്റെ സുഗന്ധക്കാറ്റ് ശ്വസിയ്ക്കാൻ കഴിഞ്ഞു.

സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നില്പിൻ. അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത് (ഗലാത്യർ-5:1). വലിയവനും പാവനനുമായ ദൈവ പുത്രൻ മനുഷ്യനെ സ്വതന്ത്രരാക്കി. എന്നാൽ ഈ ആധുനിക കാലത്തുപോലും മനുഷ്യൻ അടിമത്വത്തിന്റെ ചെളിക്കുണ്ടിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. വിദ്യാഭ്യാസപരമായും. ശാസ്ത്ര സാങ്കേതികമായും, സാമൂഹ്യസാംസ്ക്കാ

രികപരമായും. ആത്മീയപരമായും ഉന്നതമായ സ്വാതന്ത്ര്യം നേടിയിട്ടും മനുഷ്യൻ പഴയ സരണികളിൽ തന്നെ പ്രയാണം ചെയ്യുന്നു.

പരിഹസിക്കുന്നുവെന്ന് കരുതരുത്. ഒരു വൃന്ദം വ്യക്തികളെ ഇവിടത്തെ ചില ക്രിസ്ത്യൻ മതാദ്ധ്യക്ഷന്മാരുടേയും ക്രൈസ്തവഭരണ മേധാവികളുടെയും നേതൃത്വത്തിൽ (ഭിക്ഷക്കാർ കുഞ്ഞുങ്ങളുടെ നല്ല കണ്ണുകളെ കുത്തിപ്പൊട്ടിച്ചു ഭിക്ഷയ്ക്ക് കൊണ്ടു നടന്ന് അമ്മച്ചീ വല്ലതും തരണേ എന്ന് വിളിക്കുന്നതുപോലെ) അവശ ക്രൈസ്തവർ എന്ന ലേബലും (മേൽ വിലാസച്ചീട്ട്) മുഖത്ത് പതിപ്പിച്ചു മനുഷ്യരെ തെരുവ് നീളെ കൊണ്ടു നടക്കാറുണ്ടു. ഇതിന്റെയെല്ലാം യാഥാർത്ഥ്യങ്ങൾ എന്താകുന്നു? "അവശക്രൈസ്തവർ" എന്നൊരു സാമൂഹ്യസംഘടനയും സൃഷ്ടിച്ചു ഇവരെ അവശത എന്ന മറയുടെ കീഴിൽ അണി നിരത്താറുണ്ട്.

ക്രിസ്ത്യാനി അഥവാ ദൈവത്തിന്റെ മക്കൾ എങ്ങനെയാണ് അവശരാകുന്നത്? അവരെ അവശരാക്കിയതാണോ? അതോ അവർ സ്വയം അവശരായി മാറിയതാണോ? സാമൂഹ്യ നീതിയ്ക്കും ദൈവീക മാർഗ്ഗത്തിനും അനുചിതമായ പ്രവൃത്തി.

ഇവിടത്തെ മതാദ്ധ്യക്ഷന്മാരുടെ സാമൂഹ്യപരമായ പിന്തുണയ്ക്കു വേണ്ടി ഇപ്രകാരം കൊണ്ട് നടന്നതിന് ശേഷം ഈ അവശ ക്രൈസ്തവരെ ആദ്ധ്യാത്മികതയുടെ കോലായിൽ നിന്ന് ഒറ്റപ്പെടുത്തുകയും ചെയ്യുന്നു ഇവിടെ ദൈവിക വചനത്തിന് എന്ത് പ്രസക്തിയാണ് ഉള്ളത്.

"പി.കെ. വർഗ്ഗീസ് സാർ" ഒരിക്കൽ പത്രാധിപക്കുറിപ്പിൽ എഴുതിയതുപോലെ "ഇവരോടുവെച്ചു പുലർത്തുന്ന ആത്മീയ ഉച്ചനീചത്വങ്ങൾ നിരവധിയാണ്." മറ്റുള്ള ക്രിസ്ത്യാനികൾക്കൊപ്പം സ്ഥാനമോ? ആരാധനക്കു തുല്യപങ്കാളിത്തമോ നല്കാറില്ലാ. അവർക്കു പ്രത്യേക പള്ളികളും ഉണ്ടാക്കിക്കൊടുക്കുന്നു: ഇത്തരം ആത്മീയ അനീതികൾ തങ്ങളുടെയിടയിൽ നിന്നു നീക്കികളഞ്ഞിട്ട് വ്യക്തികൾ സംഘടിച്ച് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചാൽ അതെത്ര നന്നായിരിക്കും. ക്രിസ്ത്യാനികളായിത്തീർന്നിട്ടും ഇവരെ അവശരാക്കി തന്നെ നിർത്തിയിരിക്കുന്നതിൽ അവരുടെ മേലദ്ധ്യക്ഷൻമാർക്കും പങ്കില്ലേ എന്ന ചോദ്യം അവശേഷിക്കുന്നു."

ക്രിസ്ത്യാനികളെ ക്രിസ്ത്യാനികളായി കാണുവാനും എല്ലാവരേയും സഹോദരങ്ങളായി അംഗീകരിക്കുവാനുമുള്ള മനസാണ് എല്ലാവർക്കും ആവശ്യം. ക്രിസ്തു ആരേയും തരംതിരിച്ച് മാറ്റി നിർത്തിയില്ല എന്നത് ശ്രദ്ധിക്കുക. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല എന്നത് പത്രൊസ് എടുത്തു പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 10:34). മനുഷ്യരുടെ വൈകാരികമായ അവസ്ഥ എന്തെന്നാൽ, ആരെങ്കിലും മുഷിഞ്ഞ വസ്ത്രം ധരിച്ച്

ഒരു സദസിലേക്ക് കയറി വരികയാണെങ്കിൽ, ആ വ്യക്തിയെ നാം മാനിക്കുകയില്ല. അതേ സമയം മോടിയുള്ള വസ്ത്രം ധരിച്ച് ഒരാൾ കയറി വന്നാൽ അയാളെ നാം പ്രമുഖ സ്ഥാനത്തേക്ക് ആനയിക്കും. അത്തരം ഒരു രീതി പാരമ്പര്യമായി മനുഷ്യർ മനുഷ്യരിലേക്ക് പകർന്നു കൊണ്ടിരിക്കുന്ന ഒരു സമ്പ്രദായമാണ്. ക്രിസ്ത്യാനികളായി തീർന്നവരുടെ കാഴ്ച്ചപ്പാട് വ്യത്യസ്തമായിരിക്കണം. അല്ലെങ്കിൽ പുറത്തുള്ളവരും ക്രിസ്ത്യാനികളും തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളത്!

നാം പലപ്പോഴും പുറമെയുള്ള കാഴ്ച്ചപ്പാട് അനുസരിച്ചാണ് ആളുകളെ വിലയിരുത്തുന്നത്. പക്ഷെ ദൈവം അങ്ങനെയല്ല. അവൻ ഹൃദയങ്ങളെയാണ് നോക്കുന്നത്. നമ്മുടെ ഹൃദയം നേരുള്ളതെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യം ഉണ്ട്. ദൈവം നമ്മുടെ ഹൃദയത്തിൽ വസിപ്പാനാണ് ആഗ്രഹിക്കുന്നത്. ആകയാൽ ഹൃദയങ്ങളെ നാം വെടിപ്പാക്കണം. ക്രിസ്ത്യാനികൾ ക്രിസ്തുവിനുള്ളവരാണ്. അതിനാൽ നാം ജഡത്തിനായി ചിന്തിക്കരുത്. ആത്മിയമായി ചിന്തിക്കുന്നതിന് നാം ആത്മാവിന് കീഴ്പ്പെട്ട് ആത്മാവിനെ അനുസരിക്കുവാൻ തയ്യാറാകണം. അതിനാൽ നമുക്ക് ക്രിസ്തുവിന്റെ ഭാവം ധരിച്ച് അവനെ പോലെ ചിന്തിക്കുകയും പെരുമാറുകയും ചെയ്യാം.

# സ്നാനത്തിന്റെ ആവശ്യകത

ടിം ലൂയിസ്

പുതിയനിയമത്തിൽ യോഹന്നാൻ സ്നാപകന്റെ സമയം മുതൽ സ്നാനം ആവശ്യപ്പെട്ടതായി ദൈവശ്വാസിയ രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ പല ക്രിസ്തീയ എഴുത്തുകാരായി അറിയപ്പെടുന്നവരും പ്രാസംഗികന്മാരും ഈ വിഷയത്തോട് നീതി പുലർത്തുന്നില്ല എന്നു ഖേദപൂർവ്വം പറയട്ടെ. എന്തുകൊണ്ടാണ് ക്രിസ്തുവിന്റെ ഈ കൽപനയെ അവർ അപ്രസക്തമായി കാണുന്നത് എന്നു മനസിലാകുന്നില്ല. അതേ സമയം മറ്റു വിഷയങ്ങളെല്ലാം അവർ ആധികാരികമായി സംസാരിക്കുകയും ചെയ്യുന്നു. യേശു തന്റെ ഐഹികമായ ശുശ്രൂഷയിൽ താൻ സ്നാനത്തിന് സ്വയമായി കീഴ്പ്പെട്ടതായി നാം കാണുന്നു. ക്രിസ്തുവിന്റെ മഹത്തായ ആജ്ഞയിൽ സ്നാനം ഉൾപ്പെടുത്തി ശിഷ്യന്മാരോട് പറഞ്ഞപ്പോൾ, “സ്നാനം വാസ്തവത്തിൽ ആവശ്യമാണോ?” എന്ന ചോദ്യം അവന്റെ ശിഷ്യന്മാർ ആരും തന്നെ ചോദിച്ചില്ല (മത്താ. 28:18, 19).

സകലത്തിന്റെയും അധികാരിയായ യേശുക്രിസ്തുവാണ് സ്നാനം കൽപിച്ചിരിക്കുന്നത്. അവന്റെ ശിഷ്യനായിരുന്ന പത്രൊസ് തന്റെ ആദ്യ പ്രസംഗത്തോട് ഏതാനും പേർ പ്രതികരിച്ചു. മറ്റു ചിലർ അവന്റെ സന്ദേശം തള്ളിക്കളഞ്ഞു. എന്നാൽ അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു. അന്നു മൂവായിരത്തോളം പേർ അവരോട് ചേർന്നു (പ്രവൃത്തികൾ 2:41). അവരിൽ ആരും തന്നെ സ്നാനം ആവശ്യമാണോ എന്നു ചോദിച്ചില്ല. "ഇനി താമസിക്കുന്നത് എന്ത്, എഴുന്നേറ്റ് സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകികളക" എന്നു അനന്യാസ് ശൗലിനോട് ആജ്ഞാപിച്ചപ്പോൾ സ്നാനം ആവശ്യമാണോ എന്നു ചോദിച്ചില്ല (പ്രവൃത്തികൾ 22:16). മുങ്ങൽ സ്നാനത്തിനു മടിക്കുകയോ, ചോദ്യം ചെയ്കയോ ചെയ്തില്ല. അവനോട് ആവശ്യപ്പെട്ടത് അവൻ അങ്ങനെ തന്നെ ചെയ്തു. ശമര്യക്കാരായ സ്ത്രീ പുരുഷന്മാരുടെ കാര്യത്തിലും അങ്ങനെ തന്നെയാണ് സംഭവിച്ചത് (പ്രവൃത്തികൾ 8:12). കൂടാതെ ആഭിചാരകനായിരുന്ന ശിമോനും ഐത്യോപ്യാരാജ്ഞിയുടെ കാര്യവിചാരകനും അവരോട് കൽപിച്ചതായ സ്നാനം അവർ അങ്ങനെ തന്നെ ഏറ്റു.

സ്നാനത്തിന് തടസവാദം ഉന്നയിച്ച ഒരൊറ്റ സംഭവം പോലും ബൈബിളിൽ നമുക്ക് കാണുവാനില്ല. ആളുകൾ വിശ്വസിച്ചപ്പോൾ അവർ ഉടനെ സ്നാനം ഏറ്റു. പാപമോചനത്തിനുള്ള കൽപനയെ ആളുകൾ വില കുറച്ചു കാണുകയോ, അതിനെ കോട്ടി മറിക്കുകയോ ചെയ്താൽ അതിന്റെ ഉദ്ദേശത്തെ തന്നെ തള്ളികളയുകയായിരിക്കും ചെയ്യുക. ചിലർ സ്നാനത്തെ കുറിച്ച് പറയുന്ന വേദഭാഗങ്ങൾ പഠിപ്പിക്കാതെ വിട്ടുകളയും. വെള്ളത്തിലുള്ള മുങ്ങലിനെ ലജ്ജിക്കുന്ന ആളുകളും ഇല്ലാതില്ല. വെള്ളത്തിൽ മുങ്ങിയാൽ രക്ഷ കിട്ടുമോ എന്നു ചോദിക്കുന്നവരും ഉണ്ട്. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നു യേശു തന്നെയാണ് കൽപിച്ചിരിക്കുന്നത് (മർക്കൊസ് 16:16). അപ്പോൾ സ്നാനവും രക്ഷയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കിയിരിക്കുകയാണ്.

യേശുവിനെ പോലെ പത്രൊസും സ്നാനത്തെ രക്ഷയുമായി ബന്ധിപ്പിച്ചിരിക്കുന്നു. "സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായി യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെയും രക്ഷിക്കുന്നു"

(1 പത്രൊസ് 3:21). ദൈവവചനം സ്പഷ്ടമാക്കിയിരിക്കുന്ന ദൈവ കൽപനകളെ അനുസരിക്കാതിരിക്കുന്നതും അതിനെ വ്യത്യസ്തമായി പഠിപ്പിക്കുന്നതും ദൈവകോപത്തിനിരയാകും എന്നു സംശയലേശമെന്യേ പറയട്ടെ. കാരണം എല്ലാവരേയും ക്രിസ്തു ന്യായം വിധിക്കുന്നത് അവന്റെ വചനപ്രകാരമാണെന്ന് മുന്നറിയിച്ചിരിക്കുന്നു. ആളുകൾ അത് വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വചനം എന്നേക്കുമുള്ളതാണ്. അത് കർത്താവ് വീണ്ടും വരുന്നതുവരെ മനുഷ്യർ അനുസരിക്കേണ്ടതാണ്. കൂടാതെ അപ്പൊസ്തലനായ പൗലൊസ് വചനം ഏൽക്കുകയും അത് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. സ്നാനം ഒന്ന് എന്നാണ് അവൻ പ്രസ്താവിച്ചിരിക്കുന്നത്. ആ സ്നാനം ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും ഏകീഭവിക്കുന്നതാണെന്നും പ്രഖ്യാപിച്ചിരിക്കുന്നു (റോമർ 6:3, 4).

ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുന്നവർ അവനെ ധരിച്ചിരിക്കുന്നു എന്ന് ഗലാത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞിരിക്കുന്നു (ഗലാത്യർ. 3:27). ഒരാൾക്ക് ഏകാത്മാവ് ലഭിക്കുന്നതും ഏക ശരീരത്തോട് ചേർക്കപ്പെടുന്നതും സ്നാനപ്പെടുമ്പോഴാണ്. വിശ്വാസത്താൽ ദൈവമക്കളാകുന്നതുമായി ബന്ധപ്പെട്ടിരിക്കുകയാണ് സ്നാനം എന്ന് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു (ഗലാത്യർ 3:26). സ്നാനം ഏറ്റവർ പിന്നീട് പാപത്തിന്നു ദാസന്മാരായി തീരുന്നില്ല കാരണം അവർ പാപസംബന്ധമായി മരിച്ചിരിക്കുന്നതായും പറയുന്നു (റോമർ 6:6-7). യേശുക്രിസ്തുവും അതിനു ശേഷം ചുമതലപ്പെടുത്തിയ അവന്റെ അപ്പൊസ്തലന്മാരും സുപ്രധാനമായ സ്നാനത്തെ തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കയാണല്ലൊ.

പക്ഷെ മനുഷ്യരുടെ ഉപദേശങ്ങളും പാരമ്പര്യങ്ങൾ അഥവാ സമ്പ്രദായങ്ങൾ തിരുവെഴുത്തു സ്നാനത്തെ തുച്ഛീകരിച്ചിരിക്കയാണ്. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും കൽപനകളും വിശ്വസിക്കുന്നവരിൽ ചിലർ സ്നാനം രക്ഷക്കാണെന്ന കാര്യം തള്ളിക്കളയുന്നു. വേറെ ചിലർ സ്നാനം രക്ഷിക്കപ്പെട്ടവർക്കുള്ളതാണെന്നു പറയുന്നു. അവയ്ക്കൊന്നും ആധികാരികതയില്ല എന്നു തീർത്തു പറയട്ടെ. കാരണം ഇന്നു തിരുവെഴുത്താണ് നമുക്ക് ലഭ്യമായ ഏക

അധികാരം. പക്ഷെ ദൈവകൽപനകളെ മനുഷ്യരുടെ ആചാരമനുസരിച്ച് വ്യാഖ്യാനിക്കരുത്. തിരുവെഴുത്ത് തിരുവചനത്താൽ തന്നെ വ്യാഖ്യാനിക്കട്ടെ. ഇതായിരിക്കണം നമ്മുടെ തത്വം. സ്നാനത്തെ സംബന്ധിച്ച് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളെല്ലാം എടുത്തു കാണിച്ചാലും അവ വിശ്വസിക്കാത്തവരും അവയെ സമ്മതിക്കാത്തവരും ദൈവത്തെയും ദൈവം അയച്ച രക്ഷിതാവിനെയുമാണ് തള്ളിക്കളയുന്നത്.

നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ കർത്താവാണ് നിത്യരക്ഷയുടെ കാരണഭൂതൻ. ആകയാൽ അവനെ തള്ളിക്കളയുവാൻ ശ്രമിക്കരുത്. എല്ലാവരും കർത്താവിന്റെ കൽപനകളെല്ലാം സൗമ്യതയോടെ കൈക്കൊള്ളുകയാണ് വേണ്ടത്. ദൈവശ്വാസിയമായ വചനം നമ്മെ ആത്മിയമായി വിശുദ്ധീകരിക്കയും ജീവിപ്പിക്കയും ചെയ്യും. എന്നാൽ വചനത്തെ അവിശ്വസിക്കുകയോ തള്ളിക്കളയുകയോ ചെയ്താൽ നാം രക്ഷ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

### വിശ്വാസ ത്യാഗത്തിനുള്ള സാധ്യത

മതപരമായ ലോകത്ത് തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ ഒന്നാണ്, രക്ഷിക്കപ്പെട്ട ശേഷം സ്വർഗീയ ഭവനം നഷ്ടമാകത്തക്കവണ്ണം പാപം ചെയ്യുവാൻ ഒരു വ്യക്തിക്കു സാധ്യമല്ല എന്നത്. വിശ്വാസത്തിൽനിന്നും വീണുപോകുമെന്നതിന് ധാരാളം തെളിവുകൾ ബൈബിളിൽ ഉണ്ട്. അതായത് രക്ഷിക്കപ്പെട്ടുകഴിഞ്ഞാലും ഒരാൾക്ക് വിശ്വാോസത്തിൽനിന്നു വീണുപോകുവാൻ കഴിയും. മനുഷ്യർക്ക് ദൈവം സ്വതന്ത്രമായ ചിന്താഗതി നൽകിയിട്ടുണ്ട്. അത് ആരംഭം മുതൽ നൽകപ്പെട്ട യാഥാർത്ഥ്യമാണ്. രക്ഷ നിത്യമാണ് എന്ന വാക്യം തെറ്റിദ്ധരിച്ചതുകൊണ്ടാകാം അവർ രക്ഷിക്കപ്പെട്ടശേഷം രക്ഷ നഷ്ടപ്പെടുകയില്ല എന്നു കരുതുന്നത്. ദൈവത്തിന്റെ പദ്ധതി നിത്യമാണ്, അവ അനുസരിക്കുന്നവർക്ക് നിത്യജീവനുമുണ്ട് എന്നത് സത്യമാണ്. പക്ഷെ രക്ഷ സൂക്ഷിപ്പാനും രക്ഷക്കായി പ്രവർത്തിക്കുവാനും പറഞ്ഞിട്ടുള്ളതിനാൽ രക്ഷയുമായുള്ള നമ്മുടെ ഉത്തരവാദിത്തത്തെ എടുത്തു കാണിക്കുന്നു.

രക്ഷ നഷ്ടപ്പെടുകയില്ല എന്നത് പുതിയ ഉപദേശമല്ല. ഇത് മൂന്നാം നൂറ്റാണ്ടുമുതൽ പല പുസ്തകങ്ങളിലും പ്രസംഗങ്ങളിലും കേട്ടു

തുടങ്ങിയതാണ്. അതുകൊണ്ട് ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിൽനിന്നും സത്യത്തിൽനിന്നും വ്യതിചലിക്കാതെ സൂക്ഷിക്കണം. നിങ്ങൾക്ക് തന്നെ നിങ്ങൾ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്. നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. പിശാച് ആദ്യം മനുഷ്യനെ പാപത്തിൽ വീഴ്ത്തിയതിന്റെ ഫലമായി ആദാമും ഹവ്വയും ഏദെൻ തോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടു. മനുഷ്യൻ അന്നുമുതൽ നിയമലംഘനം തിരഞ്ഞെടുക്കുകയും അത് അവനെ ദൈവത്തിൽ നിന്നും അകറ്റുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ പുതിയ നിയമം കൃപയുടെ കാലമാണ് എന്നത്രെ അവരുടെ വാദം. കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്കുക എന്നോ? ഒരു നാളും അരുത് എന്ന് വചനം വിലക്കിയിരിക്കുന്നു. "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതീകരിക്കുവാൻ ഇഛിക്കുന്നവർ ക്രിസ്തുവിനോട് വേറിട്ടു, കൃപയിൽനിന്നു വീണുപോയി" (ഗലാത്യർ 5:4).

"ചിലർ നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. ഹുമനയൊസും അലെക്സെന്തരും ഈ കൂട്ടത്തിൽ ഉള്ളവരാകുന്നു. അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിന്നു ഞാൻ അവരെ സാത്താന്നു ഏൽപിച്ചിരിക്കുന്നു" (1 തിമൊഥെയൊസ് 1:19). നിങ്ങൾ വിശ്വാസത്തിൽ നിലനിൽക്കുന്നുവോ എന്ന് നിങ്ങളെ തന്നെ ശോധന ചെയ്വിൻ എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു നാം വിശ്വാസത്തിൽനിന്നും അകന്നു പോകുവാൻ സാധ്യതയുണ്ട് എന്ന് വ്യക്തം. വിശ്വാസക്കുറവ് നിമിത്തമോ ദൈവത്തെ സംശയിക്കുകയോ ചെയ്യുമ്പോൾ ആളുകൾ പാപത്തിനിരയാകുന്നു. അപ്പോൾ മുതൽ അവർ വിശ്വാസത്തിൽനിന്നും അകലുകയാണ്. ദൈവത്തെ മുറുകെ പിടിക്കുവാൻ പറഞ്ഞിരിക്കുന്നതിന്റെ കാരണം സാത്താൻ നമ്മെ കീഴ്പ്പെടുത്തുമെന്ന് ദൈവത്തിനറിയാം. യേശു സകലത്തിലും നമ്മെ പോലെ പരീക്ഷിക്കപ്പെട്ടു എങ്കിലും അവൻ പാപം ചെയ്തില്ല. അവന്റെ വായിൽ വഞ്ചന ഒന്നുമില്ലായിരുന്നു. നാം പലപ്പോഴും ആത്മാവിനു കീഴ്പ്പെടാതെ ജഡത്തെ അനുസരിച്ചു നടക്കും.

ലോകത്തിന്റെ ആകർഷണം നമ്മെ വശപ്പെടുത്തിയേക്കാം. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും എന്നാൽ

ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും എന്നു തിരുവെഴുത്ത് അരുളിച്ചെയ്തിരിക്കുന്നു. ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നിൽക്ക. ആ ജ്ഞാനം ചിലർ സ്വീകരിച്ചു വിശ്വാസം വിട്ടു തെറ്റിപ്പോയിരിക്കുന്നു എന്നു അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതുമ്പോൾ പറയുന്നു. അതിനാൽ പല കാരണങ്ങൾ നിമിത്തം ആളുകൾ ദൈവത്തിൽ നിന്നും അവന്റെ വചനത്തിൽനിന്നും അകന്ന് വിശ്വാസം വിട്ടുപോകുവാൻ സാധ്യതയുള്ളതിനാൽ അനേകം മുന്നറിയിപ്പുകൾ നമ്മെ ഓർപ്പിക്കുന്നത് നാം ദൈവ കൃപ വിട്ടു പോകരുത്. സാത്താൻ നമ്മെ ചതിക്കുകയും വഞ്ചിക്കുകയും ചെയ്യും എന്നോർക്കുക. ദൈവകൃപയും കൃപയുടെ വചനം നമ്മോടുകൂടെ ഇരുന്നാൽ നാം വീണുപോകാതിരിക്കും. അതിനു എല്ലാ ക്രിസ്ത്യാനികളും പരിശ്രമിക്കണം.

## നല്ല സ്വീകാരം

ഫിൽ സാന്റേഴ്സ്

പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ അല്ലെങ്കിൽ കണ്ടില്ലെന്നു നടിക്കുന്ന ഒരു വിഷയമാണെന്ന് തോന്നുന്നു ക്രിസ്തുവിനെ ഏറ്റു പറയൽ. ഏറ്റു പറയുന്നതിന്റെ പ്രാധാന്യം കുറച്ചു കാണരുത്. ക്രിസ്തുവിനോടുള്ള പ്രതികരണത്തിനും അത് അനിവാര്യമാണ്. ക്രിസ്തു തന്റെ ഐഹിക കാലത്ത് പറഞ്ഞു, “മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനേയും ഞാൻ പിതാവിന്റെ മുമ്പിൽ ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്ന ഏവനേയും ഞാൻ പിതാവിന്റെ മുമ്പിൽ തള്ളി പറയും. അതൊരു കൽപനയായിട്ടാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. അതിനെ ആർക്കും അവഗണിക്കാവുന്നതല്ല. ഇനി അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. “യേശുവിനെ കർത്താവ് എന്നു വായികൊണ്ട് ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കയും രക്ഷക്കായി വായികൊണ്ടു ഏറ്റു പറ

കയും ചെയ്യുന്നു"(റോമർ 10:9).

ഏറ്റു പറച്ചൽ മാത്രമല്ല രക്ഷക്ക് ആവശ്യമായുള്ളത് എങ്കിലും, ഏറ്റു പറച്ചൽ രക്ഷക്ക് അനിവാര്യമാണ്. ആളുകൾ രഹസ്യമായ വിശ്വാസത്തെയും രഹസ്യശിഷ്യന്മാരേയും കുറിച്ച് പറയുന്നതു കേൾക്കാം. പക്ഷെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് തുറന്ന സമ്മതവും പരസ്യമായ വിശ്വാസം ഏറ്റു പറച്ചലും കൂടിയേ തീരു. നമ്മുടെ ഹൃദയത്തിലുള്ളതാണല്ലൊ നാം സംസാരിക്കുന്നത്. നാം ഹൃദയപൂർവ്വമായിരിക്കണം വിശ്വസിക്കുവാൻ. യോഹന്നാൻ പറയുന്നത് ശ്രദ്ധിക്കുക, "എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു. പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റു പറഞ്ഞില്ല താനും. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു" (യോഹന്നാൻ 12:42, 43). കാരണം ക്രിസ്തുവിനെ ഏറ്റു പറയുന്നവൻ പള്ളിഭ്രഷ്ടൻ ആകേണം എന്നു യെഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നു.

യെഹൂദമതത്തിലുള്ള ചിലർ ക്രിസ്തുവിന്റെ ഉപദേശത്തെ തള്ളിക്കളയുവാൻ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തിരുന്നു. പക്ഷെ ദൈവത്തെ തോൽപിക്കുവാൻ ആർക്കും സാധ്യമല്ല. ദൈവത്തിന്റെ രക്ഷാപദ്ധതിയിലെ ഏതൊന്ന് ചെയ്യാതിരുന്നാലും അത് രക്ഷ ലഭിക്കുവാൻ തടസമായിരിക്കും എന്നോർക്കുക. "മനുഷ്യപുത്രനെ നിങ്ങൾ ആർ എന്നു പറയുന്നു?" എന്ന യേശുവിന്റെ ചോദ്യത്തിന് അപ്പൊസ്തലനായ പത്രൊസ് മറുപടി പറഞ്ഞു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു." അത് അവന്നു വെളിപ്പെടുത്തി കൊടുത്തത് സ്വർഗസ്ഥനായ പിതാവത്രെ എന്നു യേശു സാക്ഷ്യപ്പെടുത്തുകയും ചെയ്തു. "നീ പത്രൊസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്നു കൂടെ കർത്താവ് വ്യക്തമാക്കി. യേശു ദൈവപുത്രൻ എന്ന സത്യത്തിന്മേലാണ് കർത്താവ് തന്റെ സഭയെ പണിതിരിക്കുന്നത്. അതുകൊണ്ടുകൂടെ ക്രിസ്തുവിനെ ഏറ്റു പറയുന്നതിന്റെ പ്രസക്തി വർദ്ധിക്കുന്നു.

പത്രൊസ് ആയിരുന്നില്ല അവിടെ കർത്താവ് ഊന്നി പറഞ്ഞിരിക്കുന്നത്. അതിനാൽ സഭയുടെ അടിസ്ഥാനം ക്രിസ്തു തന്നെയാണ്. ഇട്ടിരിക്കുന്ന അടിസ്ഥാനം അല്ലാതെ മറ്റൊന്ന് ഇടുവാൻ

ആർക്കും സാധ്യമല്ല. ആളുകൾ അതിനു പകരമായി പത്രൊസിനെ അടിസ്ഥാനമായി കാണുകയും പ്രചരിപ്പിക്കയും ചെയ്യുന്നു. അത് വചന വിരുദ്ധമാണ്. നമ്മുടെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ തടസമായുള്ളതിനെ എല്ലാം നാം നീക്കം ചെയ്യണം. യേശു കർത്താവാണെന്ന് നാം അംഗീകരിക്കുകയാണെങ്കിൽ പിന്നെ അതിനു പകരമായി മറ്റൊന്നില്ല എന്നോർക്കുക. നാം ക്രിസ്തുവിനെ ഏറ്റു പറയുമ്പോൾ, ക്രിസ്തുവിനോടും സഹ ക്രിസ്ത്യാനികളോടുമുള്ള ബന്ധത്തെ ദൃഢമാക്കുകയാണ് (തിത്തൊസ് 1:4; യൂദാ 3). ക്രിസ്തുവിനെ നാം ഒരിക്കലും ലജ്ജിക്കരുത്. രഹസ്യമായി സ്നാനം ഏൽക്കുവാൻ ആഗ്രഹിക്കുന്നവർ മനസിലാക്കേണ്ടത് ഏറ്റുപറച്ചൽ പരസ്യമായിരിക്കണം. അതു കൂടാതെയുള്ള സ്നാനം രക്ഷക്കുള്ളതല്ല. നല്ല സ്വീകാരം മുറുകെ പിടിച്ചുകൊൾക (1 തിമൊഥെയൊസ് 6:12; എബ്രായർ 10:23; ഫിലിപ്പിയർ 2:11 നോക്കുക).

✶

## മഹത്തായ ആജ്ഞ

മാത്യു ഡബ്ലിയു മോറിൻ

സുവിശേഷഘോഷണം ക്രിസ്ത്യാനിത്വത്തിന്റെ മുഖമുദ്രയാണ്. മരിച്ചവരിൽനിന്നു തിരുവെഴുത്തുകളിൻപ്രകാരം ഉയർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് ആജ്ഞ കൊടുത്തിട്ടാണ് പോയത്. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുക" എന്നതാണ് ദൈവ മനസിൽ എപ്പോഴുമുള്ളത്. മീൻപിടിച്ചുകൊണ്ടിരുന്ന പുരുഷന്മാരോട് യേശു പറഞ്ഞത്, "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവർ ആക്കും എന്നാണ്. ക്രിസ്തുവിനെ അനുസരിച്ച് പിൻപറ്റിയവരുടെ കടമയാണ് അവന്റെ കൽപനകളെ അനുസരിക്കുക എന്നത്. അവന്റെ കൽപനകളിൽ ഏറ്റവും ഉയർന്നു നിൽക്കുന്ന പരമപ്രധാനമായ ആജ്ഞയാണ് യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയത്. അതുകൊണ്ടാണ് അതിനെ നാം മഹത്തായ ആജ്ഞ എന്നു വിളിക്കുന്നത്. ദൈവവചനം വ്യാപിപ്പിക്കുക എന്നത് തിരഞ്ഞെടുക്കാവുന്ന ഒന്നല്ല, മറിച്ച് നിർബ്ബന്ധമായും ചെയ്യേണ്ടതാണ്. വേണമെങ്കിൽ തിരഞ്ഞെടുക്കാം അല്ലെങ്കിൽ വേണ്ട എന്ന അർത്ഥത്തിലല്ല

കർത്താവ് അതു നൽകിയിരിക്കുന്നത്. അവൻ തന്റെ ശിഷ്യന്മാരിൽ ഭരമേൽപിച്ചിരിക്കുന്ന ദൗത്യമാണ് സുവിശേഷപ്രവർത്തനം.

ക്രിസ്തുവിന്റെ ദൈവ വേലയുടെ മാതൃക മത്തായി ഒമ്പതാം അദ്ധ്യായത്തിൽ വരച്ചു കാണിച്ചിരിക്കുന്നു. യേശു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു ചുങ്കക്കാരൻ ചുങ്കസ്ഥലത്ത് ഇരിക്കുന്നതുകണ്ടു അവനോട് എന്നെ അനുഗമിക്ക എന്നു പറഞ്ഞപ്പോൾ, അവൻ അവനെ അനുഗമിച്ചു (മത്തായി 9:9). അവൻ വീട്ടിൽ ഭക്ഷണത്തിനിരുന്നപ്പോൾ വളരെ ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും ശിഷ്യന്മാരോടുംകൂടെ പന്തിയിൽ ഇരുന്നു. പാപികളോടും ചുങ്കക്കാരോടും കൂടെ അവൻ ഭക്ഷിക്കുന്നതു കണ്ട് പരീശന്മാർ അവനെ കുറ്റപ്പെടുത്തിയപ്പോൾ അവൻ തന്റെ ദൗത്യം എന്തെന്ന് വ്യക്തമാക്കി. "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല. യാഗത്തിലല്ല കരുണയിലത്രെ ഞാൻ പ്രസാദിക്കുന്നത് എന്നുള്ളത് എന്ത് എന്നു പോയി പഠിപ്പിൻ. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രെ വിളിപ്പാൻ വന്നത്."

"സ്വർഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിന്നു പുലെർച്ചക്ക് പുറപ്പെട്ട വീട്ടുടയവനോട് സദൃശം"(മത്തായി 20:1). വീട്ടുടയവൻ വേലക്കാരെ വിളിച്ച് കൂലി പറഞ്ഞിട്ട് തോട്ടത്തിൽ വേല ചെയ്യുവാനായി അയച്ചു. ഫലം പുറപ്പെടുവിക്കുന്നതിനെ കുറിച്ചുള്ള ഈ ഉപമ ആത്മാക്കളുടെ രക്ഷക്കായി പ്രവർത്തിക്കുന്നതിനെയാണ് സൂചിപ്പിച്ചിരിക്കുന്നത്. സുവിശേഷപ്രവർത്തനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കർത്താവ് ധാരാളം ഉപമകൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. താലന്തുകൾ നൽകി ഉപയോഗിക്കുവാൻ പറഞ്ഞിട്ട് പോകുന്ന ഉപമയും നമ്മെ പഠിപ്പിക്കുന്നത് അതു തന്നെയാണ്. ഓരോ ശിഷ്യനും കർത്താവ് താലന്തുകൾ തന്നിട്ടാണ് പോയിരിക്കുന്നത്. ആ താലന്തുകൾ നാം ഉപയോഗിച്ച് ഫലം പുറപ്പെടുവിക്കുവാനാണ് തന്നിരിക്കുന്നത്. വെറുതെ കുഴിച്ചിടുവാനുള്ളതല്ല എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു. നമ്മുടെ ഉദാസീനതയോ അല്ലെങ്കിൽ അലസതയോ നിമിത്തം ഒരാത്മാവ് പോലും നഷ്ടപ്പെട്ടു പോകരുത്. ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്കുള്ള പ്രതിഫലമാണ് കർത്താവ് വരുമ്പോൾ നൽകുന്നത്.

"യേശു പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ച് അവരുടെ

പള്ളികളിൽ ഉപദേശിച്ച് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും സകല വിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു. അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെ പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെ കുറിച്ച് മനസലിഞ്ഞ് തന്റെ ശിഷ്യന്മാരോട് കൊയ്ത്തു വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ" (മത്തായി 9:35 –38). സുവിശേഷപ്രവർത്തനങ്ങൾ വിജയിക്കുന്നില്ല എന്നു പരിഭവിക്കുന്ന സഭകളെ കാണാം. ദൈവത്തിനായി സമർപ്പിക്കപ്പെട്ട വേലക്കാർ ആവശ്യമാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ അതിനായി യുവാക്കളെ പരിശീലിപ്പിക്കണം. ഈ ലോകജീവിതത്തിൽ ആളുകൾ എന്തിനാണ് മുൻഗണന നൽകുന്നത് എന്നതിനെ ആസ്പദമാക്കിയാണ് അവർ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ ഇദംപ്രഥമമായ പ്രവൃത്തി ആത്മാക്കളെ നേടുന്നതാണെന്ന് തിരിച്ചറിയണം.

ക്രിസ്തുവാണ് ക്രിസ്ത്യാനികളുടെ മാതൃക. അപ്പൊസ്തലന്മാരും പിൻപറ്റിയത് അവന്റെ മാതൃകയാണ്. അവർ തങ്ങളുടെ ജീവിതം ആത്മാക്കളുടെ രക്ഷ ലക്ഷ്യമാക്കി ആണ് നയിച്ചത്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും എവിടെയെല്ലാം പോയോ അവിടെ എല്ലാം അവർ വചനം സംസാരിച്ചുകൊണ്ടിരുന്നു എന്ന കാര്യം വിസ്മരിക്കരുത്. ഉപദ്രവങ്ങൾ നേരിട്ടപ്പോഴും അവരുടെ വായിൽനിന്നും ഒഴുകിയത് ദൈവ വചനം ആയിരുന്നു. ആധുനിക സഭകൾ സുവിശേഷപ്രവർത്തനത്തെ ലാഘവത്തോടെ കാണുകയാണോ അതോ സുവിശേഷപ്രചാരം അത്ര പ്രാധാന്യമുള്ളതല്ല എന്ന വിധത്തിലോ ആണ് നീങ്ങുന്നത്. അവർ ആനുകാലിക പ്രശ്നങ്ങൾ ഒഴികഴിവായി പറയുന്നു. അതുമല്ലെങ്കിൽ ആളുകളുടെ ജീവിതശൈലിയിൽ വന്ന മാറ്റത്തെയും എടുത്തു കാണിക്കുന്നു. അത് യേശുക്രിസ്തുവിന്റെ സമീപനത്തിനു വിരുദ്ധമാണ് എന്നു മനസിലാക്കുക. പ്രതിസന്ധികളെ യേശു വെല്ലുവിളിയായി സ്വീകരിച്ചു. ലോകത്തുള്ള സർവ്വ മനുഷ്യരുടേയും പാപപരിഹാരയാഗം സ്വയമായി ഏറ്റെടുത്തു നടപ്പാക്കി. സ്വർഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ള കർത്താവാണ് മഹത്തായ ആജ്ഞ നൽകിയിരി

ക്കുന്നത് എന്ന കാര്യം മറക്കരുത്.

ഭൂലോകമൊക്കെയും പോയി സകല ജാതികളെയും ശിഷ്യരാക്കുവാൻ കർത്താവിന്റെ കൽപനകൾ എല്ലാവരേയും പഠിപ്പിക്കേണ്ടതായിട്ടുണ്ട്. നഷ്ടപ്പെട്ടവരും കാണാതെ പോയിരിക്കുന്നവരും തങ്ങളെ രക്ഷിക്കണം എന്നു പറഞ്ഞു നമ്മുടെ അടുക്കലേക്ക് വരുമെന്ന് വിചാരിക്കരുത്. യേശു അവരുടെ അടുക്കലേക്കാണ് പോയത്. നാമും അങ്ങനെ തന്നെ അവരുടെ അടുക്കലേക്ക് പോകണം. നമ്മുടെ വീട്ടിലുള്ളവരോട് ആദ്യം പറഞ്ഞിട്ട് അയൽക്കാരോട് പറയു, പിന്നീട്, സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലുക. കർത്താവ് നമുക്ക് തന്നിരിക്കുന്ന ജോലി വളരെ വലുതാണ്. കർത്താവ് സ്വർഗത്തിലേക്ക് പോകുന്നതിന് മുമ്പ് അവസാനമായി തന്നിരിക്കുന്ന കൽപനയാണ് ഇത്. കർത്താവ് പോയതുപോലെ തിരിച്ചുവരും.

✶

## സഭയുടെ വേല

മൈക്ക് ബേക്കർ

വിളിച്ചുവേർതിരിക്കപ്പെട്ടവരുടെ അഥവാ രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ദൈവമഹത്വത്തിനായി നമ്മെ രക്ഷക്ക് വിളിച്ചിരിക്കുന്നു. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. സഭയുടെ പൊതുവായ പ്രവൃത്തി ഓരോ വ്യക്തിയുടേയും പ്രവൃത്തിയാണ്. ആധുനിക സമൂഹത്തിന്റെ കാഴ്ച്ചപ്പാട് ആത്മിയമായി ജീവിക്കണം എന്നാൽ മതപരമായിട്ടല്ല എന്നതാണ്. ഏതെങ്കിലും സഭയുടെ ഭാഗമായി തീരണം എന്നില്ല മറിച്ച് ദൈവവുമായുള്ള ബന്ധത്തിൽ ജീവിച്ചാൽ മതി എന്നു കരുതുന്നവർ ഉണ്ട്. വേറെ ചില ആളുകൾ വിശ്വസിക്കുന്നത് മതം മാറുകയോ സഭ മാറുകയോ വേണ്ട, ആതാതു മതത്തിലോ സഭയിലോ നിന്നുകൊണ്ട് നല്ല ജീവിതം നയിച്ചാൽ മതി എന്നാണ്. സഭ എന്താണെന്ന് അറിയാത്തവരായിരിക്കാം അത്തരം അഭിപ്രായക്കാർ. എന്നാൽ മാനുഷികമായ അഭിപ്രായത്തേക്കാൾ ദൈവം തന്റെ വചനത്തിൽ എന്തു പറയുന്നു എന്നതാണ് നാം കാര്യമായി എടുക്കേണ്ടത്.

കർത്താവ് രക്ഷിക്കപ്പെടുന്നവരെ ആണ് സഭയോട് ചേർക്കുന്ന

ത്. രക്തം കൊടുത്താണ് കർത്താവ് തന്റെ സഭ വിലെക്കു വാങ്ങിയത് (പ്രവൃത്തികൾ 20:28). സഭ എന്നത് കർത്താവിന്റെ ശരീരമാണ്. അതിലെ അംഗങ്ങൾ ഓരോ അവയവങ്ങളാണ്. അതായത് ഭൗതികമായ ശരീരത്തിലെ അംഗങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവോ അങ്ങനെയാണ് സഭ പ്രവർത്തിക്കേണ്ടത്. സംഘടിപ്പിക്കേണ്ടതും, വ്യക്തിപരമായും കൂട്ടായും ഉള്ള പ്രവർത്തികൾ എല്ലാവരും ചെയ്യുമ്പോൾ സഭ ഐകമത്യത്തിൽ വളരും. പ്രവർത്തിക്കാത്ത സഭ നിർജീവമാണ്. മൂന്നു വ്യത്യസ്ത മേഖലകളിൽ നമുക്ക് തിരുവെഴുത്തിൽനിന്നു സഭയുടെ പ്രവർത്തനങ്ങളെ കാണാവുന്നതാണ്. ഒന്നാമത് സുവിശേഷീകരണം. നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നാണ് റോമാ ലേഖനത്തിൽ നാം വായിക്കുന്നത്.. സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം എന്നാണ് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത്. കാരണം അത് രക്ഷക്കുള്ള ദൈവശക്തിയാണ്.

പരമപ്രധാനമായ ദൗത്യമാണ് സുവിശേഷ പ്രവർത്തനം. ദൈവിക പരിജ്ഞാനം കർത്താവ് സഭയിലാണ് വെച്ചിരിക്കുന്നത്. സകല ആത്മികമായ അനുഗ്രഹങ്ങളും സഭയിലാണ് ഉള്ളത്. ക്രിസ്ത്യാനികൾ സകല മനുഷ്യരേയും അനുഗ്രഹിക്കേണ്ടവരാണ്. ക്രിസ്തുവിന്റെ മരണവും അടക്കവും ഉയർപ്പുമാണ് സുവിശേഷം. ദൈവത്തിനു ഒരിക്കലായി എന്നേക്കുമായി അർപ്പിച്ച യാഗമായിരുന്നു യേശുവിന്റേത്. അവൻ ഇപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു സദാ പക്ഷവാദം ചെയ്യുകയാണ്. സകല മനുഷ്യർക്കും അങ്ങനെ രക്ഷാകരമായ കൃപ ഉദിച്ചിരിക്കുന്നു. നഷ്ടപ്പെട്ട സന്തോഷവും സൗഭാഗ്യവും ദൈവം തിരിച്ചു നൽകുന്നത് നാം അവന്റെ വചനത്തിന് കീഴ്പ്പെടുമ്പോഴാണ്. ക്രിസ്തുവിലായി തീർന്നവരാണ് അങ്ങനെ ആകാത്തവരെ നിരപ്പായ വഴി കാണിച്ചുകൊടുക്കേണ്ടത്.

ഉപദേശവും നിർദ്ദേശവും എല്ലാവർക്കും ആവശ്യമാണ്. അതിനാണ് ക്രിസ്തുവിന്റെ പരിജ്ഞാനം നൽകപ്പെട്ടിരിക്കുന്നത്. പഠിച്ചവരാണ് അജ്ഞതയിലുള്ളവരെ പഠിപ്പിക്കേണ്ടത്. വിശ്വാസവും ആത്മികവർദ്ധനവും ക്രിസ്തീയ വളർച്ചക്ക് ഉള്ള ഘടകങ്ങളാണ്. ദൈവവചനമെന്ന കലർപ്പില്ലാത്ത പാൽ ദിവസവും നാം കുടിച്ചു വളരുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. അഭ്യാസത്തിൽ തികഞ്ഞവർക്കു മാത്രമെ പക്വതയിലെത്തുവാൻ കഴിയുകയുള്ളു. സഭയിലെ ഓരോ

അംഗവും ജീവനുള്ള കല്ലുകൾ പോലെ കെട്ടിപ്പൊക്കണം. അതാണ് സഭയിലെ പ്രവർത്തനങ്ങൾ. എന്തൊക്കെയാണ് വചനപ്രകാരം ചെയ്ത് സഭയെ വളർത്താൻ കഴിയുക എന്നതായിരിക്കണം ഓരോരുത്തരും ചിന്തിക്കേണ്ടത്. ഓരോരുത്തന്റെ കടമ അവനവൻ നിർവ്വഹിക്കണം. ഞാൻ ചെയ്യേണ്ട പ്രവൃത്തി മറ്റാരെങ്കിലും ചെയ്യട്ടെ എന്നു കരുതരുത്. എന്റെ ഉത്തരവാദത്തിൽ പെട്ട കാര്യങ്ങൾ ഞാൻ തന്നെയാണ് ചെയ്യേണ്ടത്.

"ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതാത് വ്യാപാരത്തിന്ന് ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു" (എഫെസ്യർ 4:16). സഭക്ക് വളരുവാനും ആത്മികവർദധനവ് പ്രാപിക്കുവാനും കഴിയും. പക്ഷെ ഓരോരുത്തരും ആത്മാർത്ഥമായി അതിനു പരിശ്രമിക്കണം. എന്നാൽ സഹോദരന്മാരേ, സകലവും ആത്മികവർദ്ധനെക്കായി ഉതകട്ടെ (1 കൊരിന്ത്യർ 14:26). ക്രിസ്ത്യാനികൾ അന്യോന്യം പ്രബോധിപ്പിക്കയും പണിയുകയും വേണം. പരസ്പരം ഉത്തേജിപ്പിച്ച് വേണം അത് ചെയ്യുവാൻ. തെസലൊനിക്യർക്ക് പൗലൊസ് ലേഖനമെഴുതുമ്പോൾ പറഞ്ഞിരിക്കുന്നത്, "ആകയാൽ നിങ്ങൾ ചെയ്തുപോരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മികവർദ്ധന വരുത്തിയും പോരുവിൻ.

"ആകയാൽ നാം അന്യോന്യം സമാധാനത്തിനും ആത്മികവർദ്ധനെക്കും ഉള്ളതിന് ശ്രമിച്ചുകൊൾക" (റോമർ 14:19). സഭയാണ് ആത്മിക നിർദ്ദേശങ്ങൾ നൽകേണ്ടത്. വിശ്വസ്തവചനം മറ്റുള്ളവരെ പഠിപ്പിക്കേണ്ടതിന് വിശ്വസ്ത മനുഷ്യരെയാണ് ഭരമേൽപിക്കേണ്ടത്. ദൈവിക പരിജ്ഞാനം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നു. ആദ്യം തിരുത്തൽ ഓരോ വ്യക്തികളും അവനവനിൽ തുടങ്ങണമെന്നതാണ് കർത്താവിന്റെ ഇഷ്ടം. "നിന്റെ സഹോദരൻ നിന്നോട് പിഴെച്ചാൽ നീ ചെന്ന് നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന്നു ബോധം വരുത്തുക. അവൻ നിന്റെ വാക്ക് കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ രണ്ട് മൂന്നു സാക്ഷികളുടെ വായാൽ സകല കാര്യവും ഉറപ്പാകേണ്ടതിന്ന് ഒന്നുരണ്ടു പേരെ കൂട്ടിക്കൊണ്ട് ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയെ

അറിയിക്കുക. സഭയെയും കേൾക്കാഞ്ഞാൽ അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ" (മത്തായി 18:15-17).

ധർമ്മോപകാരം സഭയുടെ പ്രവൃത്തിയിൽ പെട്ട കാര്യമാണ്. മനസലിവിന്റെ മാതൃക കാണിക്കുവാൻ കർത്താവിന്റെ സഭ ഉൽസാഹിക്കണം. പ്രാരംഭ സഭ വിശുദ്ധന്മാരുടെ മുട്ടുതീർക്കുവാൻ ശ്രദ്ധിച്ചിരുന്നു. ഒരു പ്രാദേശിക സഭ മറ്റു സഭയിലുള്ളവരെ ധർമ്മശേഖരണം നടത്തി സഹായിച്ചിരുന്നതായി തിരുവെഴുത്ത് നമ്മെ ബോധ്യമാക്കുന്നു. ക്രിസ്തീയ സമൂഹത്തിൽ സമത്വം കാണപ്പെടുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പക്ഷെ ലോകസമൂഹത്തിൽ അസമത്വമാണ് വരുത്തുന്നത്. ഉള്ളവൻ ഇല്ലാത്തവന്നു കൊടുക്കണം.

## സത്യാരാധകരെയാണ് ദൈവം അന്വേഷിക്കുന്നത്

### സിസിൽ മേ

ആരംഭം മുതൽ മനുഷ്യരിൽനിന്നും നമസ്ക്കാരം ദൈവം പ്രതീക്ഷിക്കുന്നു. ദൈവം സൃഷ്ടികർത്താവും സകലത്തെയും വാഴുന്നവനുമാണ്. മനുഷ്യരെ അവൻ സൃഷ്ടിച്ചിരിക്കുന്നതിന്റെ ഉദ്ദേശം നാം അവനെ മഹത്വപ്പെടുത്തുകയും ആരാധിക്കുകയും ചെയ്യുക എന്നതാണ്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ആളുകൾ അത് ചെയ്തു വരുന്നുണ്ട്. പക്ഷെ ചെയ്യുന്നത് ദൈവം സ്വീകരിക്കുമോ ഇല്ലയോ എന്ന കാര്യം പലരും ആരായുന്നില്ല. അജ്ഞതയോ തെറ്റായ രീതിയോ അല്ല ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ദൈവം നമ്മെ സൃഷ്ടിച്ചത് ദൈവത്തിന്റെ രൂപത്തിലും സാദൃശത്തിലുമാണ്. അപ്പോൾ ദൈവവുമായി നമുക്ക് ഒരാത്മ ബന്ധമാണുള്ളത്. ദൈവം നമ്മുടെ പിതാവാണ്. അവനിൽനിന്നാണ് നമുക്ക് സകലവും ലഭിക്കുന്നത്. കാരണം അവൻ ദാതാവാണ്. നമുക്ക് ആവശ്യമുള്ളതെല്ലാം അവൻ നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിൽ നമുക്ക് വിശ്വാസം വേണം.

സ്വീകാര്യമായ ആരാധനയും സ്വീകാര്യമല്ലാത്ത ആരാധനയുമുണ്ട്. വിലയിരുത്തേണ്ടത് തിരുവെഴുത്ത് പരിശോധിച്ചാണ്. "സത്യനമസ്ക്കാരികൾ ദൈവത്തെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കുവാനുള്ള നാഴിക വരുന്നു" എന്നാണ് കർത്താവ് അരുളിച്ചെയ്തത് (യോഹന്നാൻ 4:23). മനുഷ്യരുടെ ഇഷ്ടപ്രകാരമുള്ള ആരാധന ദൈവം സ്വീകരിക്കുകയില്ല. കാരണം അത് വിലകുറഞ്ഞതും ദൈവഹിതത്തിനു എതിരായതുമാണ്. ദൈവത്തിന്റെ അരുളപ്പാട് മാനിക്കുന്നവർ അവൻ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നിർവ്വഹിക്കും. പുറമെ ചെയ്യുന്നതായ പല കാര്യങ്ങൾ ദൈവം പ്രസാദിക്കും എന്നു കരുതുന്നവർ ധാരാളമുണ്ട്. ദൈവം വെളിപ്പെടുത്തിയ ആരാധയിൽ ഉൾപ്പെട്ടിരിക്കുന്ന മൂന്നു വശങ്ങൾ നാം പരിഗണിക്കേണ്ടതു തന്നെയാണ്. നമ്മുടെ ഭാഗത്തുനിന്നു ചെയ്യേണ്ട കാര്യങ്ങൾ നാം മനസിലാക്കാതിരിക്കരുത്.

നാം സത്യ ദൈവത്തെ ആണ് ആരാധിക്കേണ്ടത്. ദൈവമല്ലാത്ത വിഗ്രഹങ്ങളെയോ രൂപങ്ങളെയോ ആരാധിക്കരുത്. ദൈവം അത് വിലക്കിയിരിക്കുകയാണ്. പ്രതിയോഗിയായ പിശാച് മനുഷ്യരെ തെറ്റിദ്ധരിപ്പിച്ച് സത്യദൈവത്തിൽനിന്ന് ആളുകളെ വ്യതിചലിപ്പിക്കുകയാണ്. ആരാണ് സത്യ ദൈവം, അവനെ നമുക്ക് എങ്ങനെ തിരിച്ചറിയാം എന്നത് പ്രസക്തമായ കാര്യമാണ്. ദൈവം തന്റെ സൃഷ്ടികളിൽ കൂടെ തന്റെ പ്രവൃത്തി വെളിപ്പെടുത്തിയിരിക്കുന്നു. തന്നെ കുറിച്ചു തന്നെ സാക്ഷ്യപ്പെടുത്തുന്ന കാര്യങ്ങളാണ് വെയിലും മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും. സത്യ ദൈവം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നവനാണ്, നമ്മോട് കരുണയും കൃപയും കാണിക്കുന്നവനാണ്. യേശുക്രിസ്തു മാത്രമാണ് സത്യ ദൈവത്തെ വെളിപ്പെടുത്തിയത്. പഴയ നിയമത്തിൽ ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്ന് യഹോവയായ ദൈവം തന്നെ കുറിച്ച് സാക്ഷ്യപ്പെടുത്തിയിരുന്നു. പുതിയ നിയമത്തിൽ യേശുക്രിസ്തു അതു തന്നെ പറഞ്ഞിരിക്കുന്നു. ദൈവം ആത്മാവാകുന്നു. ആ ദൈവത്തെ ജഡികമായി നമുക്ക് കാണുവാൻ സാധ്യമല്ല.

യേശു അയച്ച അപ്പൊസ്തലന്മാരും സത്യ ദൈവത്തെയാണ് എല്ലാവരോടും അറിയിച്ചത്. വാസ്തവത്തിലുള്ള ദൈവം ഏകനാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക,

“ഞങ്ങൾക്ക് നിങ്ങളുടെ അടുക്കൽ എങ്ങനെയുള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽനിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗത്തിൽനിന്നു വരുന്നതു കാത്തിരിപ്പാനും നിങ്ങൾ വിഗ്രഹങ്ങളെ വിട്ട് ദൈവത്തിങ്കലേക്ക് എങ്ങനെ തിരിഞ്ഞുവന്നു എന്നും അവർ തന്നെ പറയുന്നു” (1 തെസ്സലൊനിക്യർ 1:9). അക്ഷയനായ ദൈവത്തിന്റെ പ്രതിമയെ ആളുകൾ ക്ഷയമുള്ള ജന്തുക്കൾക്ക് സമാനമാക്കിയതിനാൽ അവർ ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റിയിരിക്കുകയാണ്. സൃഷ്ടിച്ചവനേക്കാൾ അവർ സൃഷ്ടിയെ ഭജിച്ച് ആരാധിക്കുകയാണ്. അങ്ങനെ അവർ ദൈവത്തിനെതിരായി പ്രവർത്തിച്ച് ദൈവകോപം തങ്ങളിലേക്ക് വരുത്തുകയാണ് ചെയ്യുന്നത്.

സൈന്യത്തിൽ

നാൽപതു രാവും നാൽപതു പകലും ഉപവസിച്ച യേശുവിനെ ആത്മാവ് പിശാചിനാൽ പരീക്ഷിക്കപ്പെടേണ്ടതിന് മരുഭൂമിയിലേക്ക് നടത്തി. ആദ്യം അത്ഭുതത്താൽ കല്ല് അപ്പമാക്കി ഭക്ഷിക്കുവാനായിരുന്നു പിശാച് യേശുവിനോട് ആവശ്യപ്പെട്ടത്. അതിനു ശേഷം വിശുദ്ധനഗരത്തിലെ ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി താഴത്തോട്ട് ചാടുവാൻ ആവശ്യപ്പെട്ടു. അതിനും അവൻ ദൈവവചനത്താൽ മറുപടി പറഞ്ഞു. പിന്നെ പിശാച് അവനെ ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തേയും കാണിച്ചുകൊടുത്തിട്ട് വീണു തന്നെ നമസ്ക്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു പറഞ്ഞതിന് കർത്താവ് പറഞ്ഞത്, “നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നു” എന്നാണ് (മത്തായി 4:1-10).

കുഞ്ഞുങ്ങളേ വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ എന്നാണ് യോഹന്നാൻ തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആരാധന ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിന്നു ദൈവം തന്നെ രൂപപ്പെടുത്തിയിരിക്കുന്നതാണ്. അതിനെ മാറ്റുവാൻ മനുഷ്യർക്ക് അവകാശമില്ല. പഴയനിയമകാലത്ത് ദൈവം നിർദ്ദേശിക്കാത്ത അന്യാഗ്നി ഉപയോഗിച്ച് യാഗം അർപ്പിച്ചവരെ ദൈവം സ്വർഗ

ത്തിൽനിന്നു തീ ഇറക്കി ദഹിപ്പിച്ചുകളഞ്ഞു (ലേവ്യാപുസ്തകം 10:2). മനുഷ്യ സമ്പ്രദായം അഥവാ പാരമ്പര്യം അനുസരിച്ച് ആരാധിച്ചാൽ അങ്ങനെയുള്ള ആരാധന വ്യർത്ഥമാണെന്ന് കർത്താവ് കൽപിച്ചിരിക്കുന്നു (മത്തായി 15:9). ജഡത്തെ ദണ്ഡിപ്പിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്നവരെയും സ്വേഛാരാധകരെയും ദൈവം തള്ളിക്കളയും (കൊലൊസ്യർ 2:22, 23).സത്യത്തിലുള്ള ആരാധന ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസമാണ്. അന്നാണ് കർത്താവ് മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റത്. വചനപ്രകാരമുള്ള ആരാധനയിൽ പാട്ട്, പ്രാർത്ഥന, കർത്തൃമേശ, വചനപ്രസംഗം, ധർമ്മശേഖരം എന്നിവ ഉൾപ്പെട്ടിരിക്കുന്നു. പ്രാസംഗികൻ ദൈവത്തിന്റെ അരുളപ്പാടാണ് പ്രസംഗിക്കുന്നത്. ഇതിനപ്പുറമായവ ദൈവം സ്വീകരിക്കുകയില്ല എന്ന കാര്യം സ്പഷ്ടമാണ്. നാം ദൈവത്തെ പരീക്ഷിക്കരുത്.

✶

## ക്രിസ്തുവിന്റെ ക്രൂശിൽ ഉൾപ്പെട്ടവ

**ക്ലെം തർമാൻ**

മനുഷ്യപുത്രനെ മനുഷ്യർ ക്രൂശിൽ തറെച്ചു കൊന്നു. നമ്മുടെ പ്രസംഗത്തിൽ ക്രൂശിന്റെ വചനം ഉൾപ്പെട്ടിരിക്കണം. ക്രിസ്തു ക്രൂശിൽ മരിച്ചത് മരണത്തെ നീക്കം ചെയ്യുന്നതിനായിരുന്നു. ക്രിസ്തുവിന്റെ ക്രൂശ് കൂടാതെ ക്രിസ്ത്യാനിത്വത്തിന് പ്രസക്തിയില്ല എന്നതാണ് വാസ്തവം. അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, "ഞാനും സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രെ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോട് പ്രസ്താവിപ്പാൻ വന്നത്. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരിന്ത്യർ 2:1, 2).യേശുവിന്റെ ഉയർപ്പിനു ശേഷം പ്രസംഗിച്ച ആദ്യത്തെ പ്രസംഗം അതായിരുന്നു (പ്രവൃത്തികൾ 2:22-30). അതിനുശേഷം അറിയിച്ച സന്ദേശം എല്ലാം അതായിരുന്നു.

കർത്താവ് ഭൂമിയിൽ വന്നതിന്റെ ഉദ്ദേശം പാപികളെ രക്ഷിക്കുക എന്നതായിരുന്നു (1 തിമൊഥെയൊസ് 1:16). കാരണം എല്ലാവരും

പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി തീർന്നിരുന്നു (റോമർ 6:23). പാപം ചെയ്ത് നിസഹായ അവസ്ഥയിലായിരുന്നപ്പോഴായിരുന്നു ക്രിസ്തു നമുക്ക് വേണ്ടി മരിച്ചത് (റോമർ. 5:8). ദൈവത്തിന്റെ സ്നേഹം പ്രദർശിപ്പിച്ച സംഭവമായിരുന്നു അത്. എല്ലാവരും മരിച്ചതിനാൽ ഒരുവൻ എല്ലാവർക്കുമായി മരിച്ചു. കഷ്ടതയേറ്റായിരുന്നു യേശു മരിച്ചത്. തന്റെ ഏകജാതനെ നൽകുവാന്തക്കവണ്ണമാണ് പിതാവായ ദൈവം നമ്മെ സ്നേഹിച്ചത്. യേശുവിനെ ക്രൂശിൽ തറെക്കുവാൻ ഏർപ്പെട്ടിരുന്നവർക്ക് സംഭവിച്ച കാര്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. ദൈവത്തിന്റെ നിത്യമായ പദ്ധതിയനുസരിച്ചായിരുന്നു ക്രിസ്തുവിന്റെ മരണം എന്നു നമുക്ക് അറിയാം.

"ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും" എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു. എല്ലാവരും ഇടറിയാലും താൻ ഒരിക്കലും ഇടറുകയില്ല എന്ന് പത്രൊസ് തറപ്പിച്ചു പറഞ്ഞിരുന്നു (മത്തായി 26:31, 35). പത്രൊസ് പിന്നീട് മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. യേശു അതിന് മുൻപ് പത്രൊസ് തന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയും എന്നു മുന്നറിയിച്ചിരുന്നു. നാം പലപ്പോഴും പത്രൊസിനെ എടുത്ത് പറയുകയും മറ്റു അപ്പൊസ്തലന്മാരെ ഈ കാര്യത്തിൽ കാണാതേ പോകുകയാണെന്ന് തോന്നുന്നു (മത്തായി 26:35). പത്രൊസ് മാത്രമല്ല എല്ലാ അപ്പൊസ്തലന്മാരും യേശുവിനെ വിട്ട് ഓടിപ്പോയി (മത്തായി 26:56).

നമ്മെ ദൈവം ഇരുട്ടിന്റെ അധികാരത്തിൽനിന്ന് അവന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ച് വേർതിരിച്ചിരിക്കുകയാണ്. കർത്താവിനോടുള്ള വിശ്വസ്തതയിൽ ജീവിക്കാമെന്ന ഉറച്ച വിശ്വാസത്താലാണ് വചനം അനുസരിച്ചത്. പ്രതിസന്ധി നേരിടുമ്പോൾ, ഭീഷണി നേരിടുമ്പോൾ, നമ്മുടെ വിശ്വാസം പതറുമോ, നാം ജീവനെ ഭയന്ന് ഓടുമോ എന്നതാണ് ചോദ്യം. യേശുവും ശിഷ്യന്മാരും ഒരുമിച്ച് അത്താഴം കഴിഞ്ഞ ശേഷമാണ് ഗദ്ശെമന തോട്ടത്തിലേക്ക് പോയത്. മുപ്പതു വെള്ളിക്കാശിന് തന്റെ ഗുരുവിനെ യൂദാ എന്ന ശിഷ്യൻ ഒറ്റിക്കൊടുത്തു. അതും യേശു മുന്നറിയിച്ചപ്രകാരമാണ് സംഭവിച്ചത്. താൻ ചെയ്ത കുറ്റബോധം അവന്റെ ആത്മാവിനെ തന്നെ നഷ്ടപ്പെടുത്തി. കെട്ടി ഞാന്നു ചത്തുകളഞ്ഞു. "എന്റെ ഉള്ളം പ്രാണ

വേദന പോലെ അതി ദുഃഖിതമായിരിക്കുന്നു. ഇവിടെ പാർത്ത് ഉണർന്നിരിപ്പിൻ എന്ന് അവൻ അവരോട് പറഞ്ഞു" (മർക്കൊസ്. 14:34).

പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്നു കർത്താവ് വീണ്ടും അവരെ ഓർപ്പിച്ചു. പക്ഷെ അവർക്ക് ഉറങ്ങാതിരിപ്പാൻ കഴിഞ്ഞില്ല. സ്നേഹമില്ലാത്ത ചുംബനമായിരുന്നു യൂദാ കർത്താവിന് നൽകിയത്. ആത്മാർത്ഥമായി ഓരോരുത്തരുടെ രക്ഷക്കായിട്ടായിരുന്നു യേശു പ്രവർത്തിച്ചത്. ആ യേശുവിനോടുള്ള നമ്മുടെ സമീപനം എന്താണ് എന്നു ചിന്തിക്കുക. വിശുദ്ധ ചുംബനത്താൽ നിങ്ങൾ അന്യോന്യം വന്ദനം ചെയ്വിൻ എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ആത്മിയ ജീവിതം ആത്മാർത്ഥതയുള്ളതായിരിക്കണം. യേശുവിന്റെ ക്രൂശ് നമ്മെ പഠിപ്പിക്കുന്നത് മനസിലാക്കി വേണം നാം ജീവിക്കുവാൻ. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുവാനുള്ളവർക്ക് ദൈവശക്തിയുമാകുന്നു. യേശു ക്രൂശിൽ മരിച്ചില്ലായിരുന്നുവെങ്കിൽ പാപികളുടെ അവസ്ഥ എന്താകുമായിരുന്നു എന്ന് ചിന്തിക്കുക. ദൈവത്തോട് അടുക്കുവാൻ വേറെ മാർഗ്ഗമില്ല എന്നതാണ് വാസ്തവം.

നിങ്ങൾ ക്രുശിക്കപ്പെട്ട കർത്താവിലാണോ വിശ്വാസം അർപ്പിക്കുന്നത്? അതോ പാരമ്പര്യത്തിലും മാനുഷിക കൽപ്പനകളിലുമാണോ? നമ്മെ വീണ്ടെടുക്കുന്നത് പൊന്നോ വെള്ളിയോ വ്യർത്ഥമായ മനുഷ്യരുടെ സമ്പ്രദായങ്ങളോ അല്ല, മറിച്ച്, ക്രൂശിക്കപ്പെട്ട ക്രിസ്തു ചിന്തിയ രക്തത്താലാണ്. പാപമില്ലാത്ത രക്തം ദൈവത്തിന് പ്രസാദകരമായി തീർന്നു. ക്രിസ്തു തിരുവെഴുത്തുകളിൻ പ്രകാരം മരിച്ച്, അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു. അവന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും ബന്ധപ്പെടുന്നവരുടെ പാപങ്ങൾ അവൻ മോചിച്ചുകൊടുക്കും. നിങ്ങൾ അവന്റെ യാഗത്തിൽ പങ്കുകാരായി തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനു തയ്യാറാകണം. കാരണം മരണശേഷം അതിനുള്ള അവസരം ലഭിക്കുകയില്ല. കർത്താവ് എപ്പോഴാണ് വീണ്ടും വരുന്നത് എന്നും നിശ്ചയമില്ല. എന്നാൽ അതിനു മുമ്പ് നാം സുവിശേഷം അനുസരിക്കണം.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!